**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1714 10.02.2020 ൽ മറുപടിക്ക്

## പ്രൈവറ്റ് എയ്ഡഡ് കോളേജുകളിലെ അനധ്യാപക ജീവനക്കാരുടെ സേവന വ്യവസ്ഥകൾ

**ചോദ്യം** **മറുപടി**

**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**

**ഡോ.കെ.ടി.ജലീൽ**
**(ബഹു. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)**

| | | | |
|---|---|---|---|
| (എ) | പ്രൈവറ്റ് എയ്ഡഡ് കോളേജുകളിലെ അനധ്യാപക ജീവനക്കാരുടെ സേവന വ്യവസ്ഥകൾ ബന്ധപ്പെട്ട സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ട് പ്രകാരമാണോ നിശ്ചയിക്കുന്നത്; വിശദമാക്കുമോ; | (എ) | പ്രൈവറ്റ് എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ സേവന വ്യവസ്ഥകൾ ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടും, കാലാകാലങ്ങളിലുള്ള എയ്ഡഡ് കോളേജുകൾക്ക് ബാധകമായ സർക്കാർ ഉത്തരവുകളും അനുസരിച്ചാണ് നിശ്ചയിക്കുന്നത് |
| (ബി) | സ്റ്റാറ്റ്യൂട്ട് പ്രകാരം ക്ലാസ് ഫോർ ജീവനക്കാരുടെ പ്രൊബേഷൻ നിഷ്കർഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | യൂണിവേഴ്സിറ്റികളിൽ എയ്ഡഡ് കോളേജിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ പ്രൊബേഷൻ കാലാവധി സംബന്ധിച്ച് യാതൊന്നും നിഷ്കർഷിച്ചിട്ടില്ല |
| (സി) | ഇല്ലെങ്കിൽ ഈ വിഭാഗത്തിലെ ജീവനക്കാർ ഒരു വർഷം സേവനം പൂർത്തിയാക്കിയാൽ മാത്രമെ പ്രമോഷന് അർഹതയുള്ളൂവെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വ്യവസ്ഥ പ്രകാരം എന്ന് വിശദമാക്കുമോ; | (സി) | ഉണ്ട്. യോഗ്യത നിയമനരീതി എന്നിവയുടെ കാര്യത്തിൽ സമാന സർക്കാർ സ്ഥാപനത്തിൽ പ്രാബല്യത്തിലുള്ള ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഒരു ഉയർന്ന കാറ്റഗറി/ ഗ്രേഡിലുണ്ടാകുന്ന ഒരു ഒഴിവ് തൊട്ടടുത്ത താഴ്ന്ന കാറ്റഗറി/ഗ്രേഡിൽ നിന്നും നികത്തേണ്ടതാണെന്ന സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് |

| | | | |
|---|---|---|---|
| (ഡി) | ക്ലാസ് ഫോർ ജീവനക്കാർക്ക് പ്രൊബേഷൻ നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ നിലവിലുള്ള ലാബ് അസിസ്റ്റന്റ്/ലൈബ്രറി അസിസ്റ്റന്റ് തസ്തികകളിലേക്ക് പ്രമോഷൻ നിയമനം നടത്താമെന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ഇ) | പ്രസ്തുത ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡർമാർക്ക് ലാബ് അസിസ്റ്റന്റ്/ലൈബ്രറി അസിസ്റ്റന്റ് ആയി പ്രമോഷൻ നൽകാൻ ലഭിച്ചിട്ടുള്ള അപേക്ഷയിൽ എന്ത് തീരുമാനം എടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ; | (ഇ) | പ്രസ്തുത ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകിയ സ്ഥാനക്കയറ്റങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |
| (എഫ്) | നിലവിലുള്ള ലാബ് അസിസ്റ്റന്റ്/ലൈബ്രറി അസിസ്റ്റന്റ് തസ്തികകൾ താൽക്കാലികമായി ഓഫീസ് അറ്റൻഡർ തസ്തികയിലേക്ക് തരം താഴ്ത്തണമെന്ന അപേക്ഷ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എയ്ഡഡ് കോളേജുകളിലെ ലാബ്/ലൈബ്രറി അസിസ്റ്റന്റ് തസ്തികകൾ താൽക്കാലികമായി ഡൗൺഗ്രേഡ് ചെയ്യുന്നത് വളരെയധികം നിയമ പ്രശ്നങ്ങൾക്കും കോടതി വ്യവഹാരങ്ങളിലേക്കും നയിക്കുന്നതിനാൽ ടി ആവശ്യം ഇപ്പോൾ സർക്കാർ പരിഗണിക്കുന്നില്ല |

സെക്ഷൻ ഓഫീസർ